**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 384** **07-10-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര തെക്കേകര ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക് ക്രിമറ്റോറിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര തെക്കേകര ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക് ക്രിമറ്റോറിയം നിർമ്മിക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ടി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | മാവേലിക്കര - തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 'ആധുനിക പൊതു ശ്മശാനം നിർമ്മാണം' എന്ന പ്രവൃത്തി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 80 സെന്റ് സ്ഥലത്താണ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ആധുനിക ശ്മശാനത്തിന്റെ ബിൽഡിംഗ് Lay out & Plan തയ്യാറാക്കി തെക്കേക്കര ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളതും PCB - യുടെ അനുമതിയ്ക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ സ്ഥലത്ത് തന്നെ നിർമ്മിക്കാനുദ്ദേശിക്കുന്ന FSTP യുമായി ബന്ധപ്പെട്ട് 01.06.2024 - ന് അംഗീകരിച്ച ഫൈനൽ ഡി.പി.ആർ പ്രകാരം നിലവിൽ തയ്യാറാക്കിയ ആധുനിക ശ്മശാനത്തിന്റെ ഫൈനൽ ബിൽഡിംഗ് lay out - ൽ മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. ടി തിരുത്തലുകൾ ഉൾക്കൊള്ളിച്ച് പുതുക്കിയ പ്ലാനും ബിൽഡിംഗ് lay out ഉം ആലപ്പുഴ ജില്ലാകളക്ടർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (KPCB) എന്നിവരുടെ അംഗീകാരത്തിനായി തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ